# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P25/1384/2022 dt.07-11-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/12/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
3.അസി.ഡവലപ്മെന്റ് കമ്മീഷണർ,തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്
4.ഓഫീസ് പകർപ്പ്

നമ്പർ: No.KSA PKD-P25/1384/2022 dt.07-11-2022 തീയ്യതി: 03/12/2022

## പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 07-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 17-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 17-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രകാശ്ബാബു.കെ.ആർ
ശ്രീ.ശിവപ്രസാദ്.എം
ശ്രീ.രാജൻ.കെ.വി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി.സേതുമാധവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സന്തോഷ് എ.ജെ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി.വി. ശ്രുതി | സെക്രട്ടറി | 08-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സജിനി വി.വി | അസി.എക്സി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| മഞ്ജു. എസ്.പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| അഞ്ജു കുര്യൻ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 22-07-2021 |
| ദിവ്യ പി | ക്ഷീര വികസന ഓഫീസർ | 23-07-2021 | 31-03-2022 |
| ഡോ.എം.ആർ.ലീനാകുമാരി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)കോങ്ങാട് | 01-04-2021 | 31-03-2022 |
| ഡോ.എ.പി.ശ്രീജിത്ത് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി,പറളി) | 01-04-2021 | 31-03-2022 |
| പ്രദീപ് പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഗീത കെ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| രമ ആർ | ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം | 1-10 |
| 10 | ആർട്ട്ക്കോയിൽ നിന്നും നേരിട്ടുള്ള വാങ്ങലുകൾ ക്രമപ്രകാരമല്ല | 1-11 |
| 11 | വിവാഹ പൂർവ്വ കൗൺസിലിങ്ങ് പ്രൊജക്ട് - പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്ക് അനുസൃതമല്ല | 1-12 |
| 12 | കസേരകൾ വാങ്ങൽ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-13 |
| 13 | കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-14 |
| 14 | സ്പെഷ്യൽ കമ്പോണെന്റ് പ്ലാൻ പ്രൊജക്ട്- രേഖകൾ ലഭ്യമാക്കിയില്ല | 1-15 |
| 15 | കോങ്ങാട് സി എച്ച് സി - വാങ്ങലുകൾ- ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തില്ല | 1-16 |
| 16 | ചട്ടപ്രകാരമുള്ള ടാക്സ് ഇൻവോയ്സുകൾ സ്വീകരിക്കാതെ വാങ്ങലുകൾ നടത്തി | 1-17 |
| 17 | മുൻകൂർ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. | 1-18 |
| 18 | നിലാവ്- വിവിധ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ചുമതലയിൽ ഉൾപ്പെടാത്തവ ഏറ്റെടുത്തു. | 1-19 |
| 19 | സ്കൂളുകളിലേക്ക് ഷീ-പാഡ് വിതരണം -തുക - തടസ്സപ്പെടുത്തുന്നു. | 1-20 |
| 20 | GST കോമ്പൻസേഷൻ--സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല | 1-21 |
| 21 | ആസ്തികളുടെ നിർമ്മാണം പഞ്ചായത്തിന്റെ അനുമതിയില്ലാതെ ബ്ലോക്ക് നടപ്പാക്കുന്നു. | 1-22 |
| 22 | ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാൾ നവീകരണം-മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല | 1-23 |
| 23 | കോങ്ങാട് വയോജനകേന്ദ്രം-- ടെണ്ടർ വിളിക്കാതെ സാധനങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖക്ക് വിരുദ്ധം | 1-24 |
| 24 | ഓഫീസിൽ ഓൺലൈൻ മീറ്റിംഗ് സംവിധാനം ഒരുക്കൽ -പ്രൊക്യൂർമെന്റ് | 1-25 |

| | | |
|---|---|---|
| | മാർഗ്ഗരേഖ പാലിച്ചില്ല. | |
| 25 | ലൈഫ് ഭവനപദ്ധതി ബ്ലോക്ക് വിഹിതം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-26 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 1-9 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 8 | ഓഡിററ് റിക്കവറി | 4-7 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ എണ്ണം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17/02/2021 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 5469098 | 109573000 | 115042098 | 108908857 | 6133241 |

വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-06-2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3939403 |
| ഓഡിറ്റ് വർഷത്തെ വരവ് | 83998788 |
| ആകെ | 87938191 |
| ചെലവ് | 81266527 |
| നീക്കിയിരിപ്പ് | 6671664 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 23875972 | 23875972 | 23379114 | 496858 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 24266132 | 24266132 | 22261504 | 2004628 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 8185563 | 8185563 | 6750317 | 1435246 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 10770408 | 10770408 | 3143739 | 7626669 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-UnTied | 0 | 4616556 | 4616556 | 236175 | 4380381 |
| ഐ എ വൈ (പ്ലാൻ) | 66129 | 49979 | 116108 | 116108 | 0 |
| ശുചിത്വ മിഷൻ / ടി.എസ്.സി | 15043 | 75787 | 90830 | 27505 | 63325 |
| SDF-MLA/MP LAD | 8962 | 118 | 9080 | 9080 | 0 |
| KGB 15106 Miscellaneous | 142,311 | 78,449 | 220760 | 80409 | 140351 |

### 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 109 | 97915961 | 96 | 70135103 | Nil | 13 | 88 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 3 | 3 | 7199954 | 6962601 | 96.70 |
| സി.ഡി.പി.ഒ | 8 | 8 | 330000 | 175000 | 53.03 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 4075000 | 4074778 | 99.99 |
| സെക്രട്ടറി | 22 | 20 | 40580008 | 29838795 | 73.53 |
| അസി.എക്സി. എഞ്ചിനിയർ | 49 | 38 | 33030302 | 16980383 | 51.40 |
| മെഡിക്കൽ ഓഫീസർ-CHC | 18 | 18 | 8733905 | 8564832 | 98.06 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 2653296 | 2225218 | 83.86 |
| ആകെ | 109 | 96 | 97915961 | 70135103 | 71.62 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2022, 3.00 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബുക്ക് പ്രകാരവും ഭൗതിക പരിശോധനയിലും നീക്കിയിരുപ്പൊന്നും ഉണ്ടായിരുന്നില്ല.

## 1-7 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

കടമുറികളുടെ വാടക സംബന്ധിച്ച് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്. സാധന സാമഗ്രികൾ സമാഹരിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. പദ്ധതി ഫയലുകളുടെ ഒപ്പം നിർബന്ധമായും മോണിറ്ററിംഗ് റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ നിർബന്ധമായും കരാറുടമ്പടി ചമച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറ്റം ചെയ്യേണ്ടതാണ്. ആസ്തികളുടെ നിർമ്മാണം പഞ്ചായത്തിന്റെ അനുമതിയില്ലാതെ ബ്ലോക്ക് നടപ്പാക്കുന്നത് ക്രമപ്രകാരമല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നടത്തിയ തീയ്യതി | | | പരാമർശങ്ങൾ |
| 1 | പെർഫോമൻസ് ഓഡിറ്റ് | 16-03-22 മുതൽ 25-03-22 വരെ | 2020-21 | 06-04-2022 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.11.2018 മുതൽ 01.12.2018 വരെ | 01.02.2016- മുതൽ 31.10.2018 വരെ | 31.12.2018 | ഇല്ല |

1-10 കടമുറികളുടെ വാടക -ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

2021-22 വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി ഗ്രാമവികസന കമ്മീഷണറുടെ അംഗീകാരം നേടിയിട്ടില്ല.

2) ബ്ലോക്ക് പഞ്ചായത്തിലെ കടമുറികളുടെ വിശദാംശങ്ങൾ റെന്റ് രജിസ്റ്റർ പ്രകാരം ലഭ്യമായത് താഴെ ചേർക്കുന്നു.

| ഇനം | ആകെ |
|---|---|
| ആകെ മുറികളുടെ എണ്ണം | 4 |
| പ്രവർത്തനക്ഷമമായവയുടെ എണ്ണം | 4 |
| വാടകക്ക് നല്കിയവയുടെ എണ്ണം(*ഒരെണ്ണത്തിൽ ജനകീയ ഹോട്ടൽ ) | 3* |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 0 |
| പട്ടിക ജാതി / പട്ടിക വർഗ്ഗ സംവരണം | ബൈലോ തയ്യാറാക്കി /ചട്ട പ്രകാരം സംവരണം ചെയ്തിട്ടില്ല |
| ഭിന്നശേഷി വിഭാഗ സംവരണം | -Do- |
| വിധവകൾക്കുള്ള സംവരണം | -Do- |

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, സംവരണം ചെയ്തു നൽകേണ്ടതാണ്. 2021-22 വർഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും , സംവരണം ചെയ്യപ്പെട്ട മുറികളിലെ ലൈസൻസികളുടെ പേര്, വിലാസം, മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം 8/15.10.22 ന് ബാധകമല്ലെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

3)സർക്കാർ ഉത്തരവ് (സാധാ)261/2021/ത.സ്വ.ഭ.വ തീ.06.11.2021 പ്രകാരം കോവിഡ് രണ്ടാം തരംഗത്തിൽ പ്രത്യാഘാതമനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലെ വാടകക്കാർക്ക് അർഹമായ വാടക ഇളവ് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ സർക്കാർ ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ അംഗീകാരം നേടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ കടമുറികളുടെ 10 ശതമാനവും, ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ആകെ കടമുറികളുടെ 3 ശതമാനവും സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

1-11 ആർട്ട്കോയിൽ നിന്നും നേരിട്ടുള്ള വാങ്ങലുകൾ ക്രമപ്രകാരമല്ല

പ്രൊ.നം.54/2022 - “പൗർണമി- ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്ര വികസനം”

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ - രൂ.154000.00(വികസന ഫണ്ട് - ജനറൽ)

ചെലവ് - രൂ.154000.00(ബിൽ നം.9/21-22തീ.30.03.2022)

മേൽ പ്രൊജക്റ്റിനായി 105268.80 രൂപ ആർട്ട്കോ നിർമ്മിക്കുന്ന ഫർണീച്ചറുകൾക്കായി ചെലവഴിച്ചിട്ടുണ്ട്.
കൂടാതെ 48731.20 രൂപയുടെ ഉപകരണങ്ങൾ മത്സരാധിഷ്ഠിത ടെണ്ടർ / ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ടും ARTCO യിൽ (ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് ) നിന്നും വാങ്ങൽ നടത്തിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു

ഇൻവോയിസ് നം.445/19.3.2022

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | GST | തുക |
|---|---|---|---|---|---|
| 1 | Therapy Ball | 4 | 2860.00 | 12% | 12812.80 |
| 2 | Therapy Bed | 3 | 3890.00 | 12% | 13070.40 |
| 3 | Balance Board | 4 | 2900.00 | 12% | 12992.00 |
| 4 | Bolster | 4 | 2200.00 | 12% | 9856.00 |
| TOTAL | | | | | 48731.20 |

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.
1)സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ , സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.7 എന്നിവയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ARTCO യിൽ മത്സരാധിഷ്ഠിത ടെണ്ടർ / ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വിവിധ ഇനങ്ങൾ വാങ്ങിയത് ക്രമ പ്രകാരമല്ല.

2) സ.ഉ.(സാധാ.)3299/2016/തസ്വഭവ തീ. 02.12.2016 ലെ നിർദ്ദേശം താഴെ ചേർക്കുന്നു.

"തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ, അർദ്ധ-സർക്കാർ, ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സ്വന്തമായി സാധനസാമഗ്രികൾ നിർമ്മിക്കാത്ത മേൽപ്പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വകാര്യസംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത വിഷയം 14.1.2015 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. മേൽ സാഹചര്യത്തിൽ ടെൻഡർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്."

ARTCO നിർമ്മിക്കാത്തതും, സ്വകാര്യ കമ്പനികൾ നിർമ്മിച്ചതുമായ ഉൽപന്നങ്ങൾ പരസ്യ ടെണ്ടർ

നടപടിക്രമങ്ങൾ സ്വീകരിക്കാതെ വാങ്ങിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

3) സർക്കാർ ഉത്തരവ് (പി) 1/2017/ എസ് പി ഡി തീയതി 13.3.2017 പ്രകാരം പൊതു മേഖല സ്ഥാപനങ്ങൾ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ അധികരിക്കുന്നില്ലെന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. പ്രൊജക്ട് ഫയലിൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ARTCO യിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

4)സ.ഉ.(സാധാ) നം. 08/2020 എസ്.പി.ഡി തീ.10.02.2020 ഖണ്ഡിക 4 ലെ വ്യവസ്ഥ താഴെ പറയും പ്രകാരമാണ്.

“The Purchasing Officer Should Ensure That The Validity Period For The Relaxation To Para 9.23 Of Revised Stores Purchase Manual Is In Force, At The Time Of Purchase And Must Obtain A Certificate From The Managing Director Of The Institution Stating That This Item Has Been Manufactured By Them And Not Bought From Outside. For Items Not Included In The Price List, Quoiations/tenders Are To Be Invited As Per Stores Purchase Rules. Artisans Development Co-operative Limited Can Also Participate In Those Quotations/tenders.”

പ്രസ്തുത ഉത്തരവിലെ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ മാത്രമേ ARTCO യിൽ നിന്നും ടെണ്ടർ / ക്വട്ടേഷൻ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ARTCO നിർമ്മിക്കാത്തതും, സ്വകാര്യ കമ്പനികൾ നിർമ്മിച്ചതുമായ മേൽപറഞ്ഞ ഉൽപന്നങ്ങൾ ടെണ്ടർ / ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാങ്ങിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

5)സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ന്യായ വിലക്ക് GeM പോർട്ടലിൽ ലഭ്യമായിരുന്ന Therapy Ball, Therapy Bed, Bolster, Balance Board മുതലായവ ഉയർന്ന വില നൽകി ARTCO യിൽ നിന്നും വാങ്ങിയതുമൂലം ഗണ്യമായ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ പാലിക്കേണ്ട സർക്കാർ ഉത്തരവുകൾക്കും, പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കും വിരുദ്ധമായി, ആർട്ട്കോയിൽ നിന്നും വാങ്ങലുകൾക്ക് വേണ്ടി ചെലവഴിച്ച രു.48731.20 തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം നം.2/11.10.22)

## 1-12 വിവാഹ പൂർവ്വ കൗൺസിലിങ്ങ് പ്രൊജക്ട് - പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്ക് അനുസൃതമല്ല

പ്രൊ.നം.46/22 - “പ്രിയം- കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വിവാഹ പൂർവ്വ കൗൺസിലിങ്ങ്”

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശിശു വികസന പദ്ധതി ഓഫീസർ

അടങ്കൽ - രൂ.23630.00(വികസന ഫണ്ട് - ജനറൽ )

ചെലവ് - രൂ.23630.00 (ബിൽ നം.3തീ.7.01.2022 രൂ.11890.00 + ബിൽ നം.6തീ.8.2.2022 രൂ.11740.00)

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.4.4 പ്രകാരം ഹൈ സ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിലെ കൗമാരക്കാരായ പെൺകുട്ടികൾക്ക്, നിർദ്ദിഷ്ട യോഗ്യതയുള്ള കൗൺസിലർമാരെ ഉപയോഗിച്ച് കൗൺസിലിംഗ് നൽകാവുന്നതാണെന്നും നഗരസഭകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി ഖണ്ഡിക 2.2 പ്രകാരം മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിനും തുക നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും, ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും, വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 7.8.1(4) പ്രകാരം സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും, ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവത്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രോജക്ടുകൾ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവാഹ പൂർവ്വ കൗൺസിലിംഗ് നടത്തുന്നതിന് പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടില്ല.

പദ്ധതി-സബ്സിഡി മാർഗരേഖകൾ പ്രകാരം അനുവദനീയമല്ലാത്ത വിവാഹ പൂർവ്വ കൗൺസിലിങ്ങിനുള്ള പ്രൊജക്ടിന്റെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. പ്രൊജക്ടുകളുടെ നിർവഹണം സർക്കാർ ഉത്തരവുകൾക്കും, പദ്ധതി-സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കും, അനുസൃതമാകേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം 5/11.10.22)

)

1-13 കസേരകൾ വാങ്ങൽ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊ.നം.62/22-കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ അനുബന്ധ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , സി എച്ച് സി, കോങ്ങാട്

അടങ്കൽ - രൂ.1750000.00(വികസന ഫണ്ട് - ജനറൽ -രൂ.15 ലക്ഷം + മെയിന്റനൻസ് ഫണ്ട് ( റോഡിതരം രൂ. 2.5 ലക്ഷം)

ചെലവ് - രൂ.17 ലക്ഷം

(ബിൽ നം 57/30.3.221 രു.100000.00)

ട്രഷറി ബിൽ നം 57/30.3.221 രു.100000.00 പ്രകാരം M/s. SRT HOME DECORE , OLAVAKKODE എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. SHD/D3/2462/2021 Dated 24.3.22 അനുസരിച്ച് 69930.00 രൂപക്കുള്ള നീൽകമൽ ബ്രാൻഡിന്റെ 96 കസേരകൾ വാങ്ങിയിട്ടുണ്ട്. ഈ വാങ്ങലിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ന്യായ വിലക്ക് GeM പോർട്ടലിൽ ലഭ്യമായിരുന്ന നീൽകമൽ കമ്പനിയുടെ കസേരകൾ ഉയർന്ന വില നൽകി SRT HOME DECORE ൽ നിന്നും വാങ്ങിയതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

2) തദ്ദേശഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയ്യതി 8.11.2010 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ 50000 രൂപക്ക് മുകളിൽ അടങ്കലുള്ള പ്രൊജക്ടുൾക്ക് 8-10 പേരിൽ നിന്നും (കുറഞ്ഞത് 5) മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ എണ്ണം മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കേണ്ടതുമാണ്. ടെണ്ടറുകളുടെ സമർപ്പണത്തിനായി 14 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്. പ്രസ്തുത പ്രൊജക്ടിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 7 ദിവസത്തെ സമയവുമാണ് നൽകിയിട്ടുള്ളത്.

3)കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ടിൽ നിന്നും ആസ്തികൾ വാങ്ങുന്നതിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/18.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ വിശദീകരണത്തിന്റെ അഭാവത്തിൽ 69930.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ , സി എച്ച് സി, പറളി പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾക്കായി തുകകൾ മുൻകൂറായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊ. നം & പേര് | അടങ്കൽ | ചെലവ് | ബിൽ നം/തീ. & തുക | KMSCL പ്രൊഫോർമ ഇൻവോയ്സ് നം | KMSCL ന് കൈമാറിയ തുക |
|---|---|---|---|---|---|---|
| 1 | 43/22 സെക്കണ്ടറി പാലിയേറ്റീവ്- പറളി പിഎച്ച്സി | 641573.00 | 641573.00 | 3/6.7.21 & രൂ.136733.00 | 716/16.6.21 | 136733.00 |
| 2 | -Do- | - | - | 23/25.1.22 & രൂ.119162.00 | 4204/18.12.21 | 119162.00 |
| 3 | -Do- | - | - | 34/23.3.22 & രൂ.26120.00 | 5133/27.1.22 | 26120.00 |
| 4 | 49/22-സി എച്ച് സി പറളി മരുന്ന് വാങ്ങൽ | 200000.00 | 200000.00 | 25/31.1.22 രൂ.200000.00 | 4026/13.12.22 | 200000.00 |
| ആകെ | | | | | | 482015.00 |

മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനായി നൽകിയ 16.10.22 ലെ ഓഡിറ്റ് എൻക്വയറി നം.9ന് മറുപടി നൽകിയിട്ടില്ല. മേൽ തുകക്കുള്ള മരുന്നുകളുടെ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതുവരെ 482015.00 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-15 സ്പെഷ്യൽ കമ്പോണെന്റ് പ്ലാൻ പ്രൊജക്ട്- രേഖകൾ ലഭ്യമാക്കിയില്ല

പ്രൊ.നം.11/22-ഡയാലിസിസ് ചെയ്യുന്ന പട്ടിക ജാതി വിഭാഗം ജനങ്ങൾക്ക് ചികിത്സ സഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , സി എച്ച് സി, കോങ്ങാട്

അടങ്കൽ - രൂ.93624.00(വികസന ഫണ്ട് -എസ് സി പി)

ചെലവ് - രൂ.93624.00 (ബിൽ നം35/6.1.22)

മേൽ പ്രൊജക്ട് പ്രകാരം സപ്ലൈക്കോ മാവേലി സ്റ്റോർ, ഒലവക്കോട് നിന്നും ₹93624.00 രൂപയുടെ മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്.

ഈ പ്രൊജക്ട് നടപ്പാക്കിയിരിക്കുന്നത് വികസന ഫണ്ട് - എസ് സി പി (Special Component Plan) ഉപയോഗിച്ചാണ്. സർക്കാർ ഉത്തരവ് (കൈ) 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 6.1 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, പ്രൊജക്ട് മൂലം ആനുകൂല്യം അനുവദിച്ച പട്ടികജാതി ഗുണഭോക്താക്കളുടെ പട്ടികയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.21/18.10.22 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എസ് സി പി (Special Component Plan) ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ആനുകൂല്യം പട്ടികജാതി വിഭാഗത്തിന് മാത്രം ലഭിക്കുന്ന രീതിയിൽ നടപ്പാക്കേണ്ടതാണ്.

1-16 കോങ്ങാട് സി എച്ച് സി - വാങ്ങലുകൾ- ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തില്ല

എ)പ്രൊജക്ട് നമ്പർ -10/22 – ഓഫീസ് ഭരണ ആവശ്യങ്ങൾക്കുള്ള ചെലവുകൾ

നിർവഹണം- മെഡിക്കൽ ഓഫീസർ, സി എച്ച് സി

അടങ്കൽ :രൂ.8 ലക്ഷം( മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , സി എച്ച് സി, കോങ്ങാട്

ചെലവ്- രൂ.8 ലക്ഷം ( ബിൽ നം 7/20.7.21 രു.825652.00)
ബി)പ്രൊ.നം.62/22-കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ അനുബന്ധ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , സി എച്ച് സി, കോങ്ങാട്

അടങ്കൽ - രൂ.1750000.00(വികസന ഫണ്ട് - ജനറൽ -രൂ.15 ലക്ഷം + മെയിന്റനൻസ് ഫണ്ട് ( റോഡിതരം രൂ. 2.5 ലക്ഷം)

ചെലവ് - രൂ.17 ലക്ഷം

(ബിൽ നം 18/18.9.21 രു.199982.00 +ബിൽ നം 43/28.2.22 രു.562881.00 +ബിൽ നം 53/30.3.22രു.37137.00)

മെഡിക്കൽ ഓഫീസർ , സി എച്ച് സി, കോങ്ങാട് , മേൽ ബില്ലുകൾ പ്രകാരം M/s.Excel Enterprises, Shonur Road, Chakkanthara,Palakkad -678006 ( GSTIN : 32AADFE4619C1Z1) എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയിസ് നം. & തീയതി | തുക |
|---|---|---|
| 1 | EE1 & 5.4.21 | 64094.00 |
| 2 | EE66 & 27.5.21 | 949.00 |
| 3 | EE102 & 24.6.21 | 1035.00 |
| 4 | EE133 & 12.8.21 | 30878.00 |
| 5 | EE193 & 4.10.21 | 1416.00 |
| 6 | EE226 & 09.11.21 | 35470.00 |
| 7 | EE241 & 22.11.21 | 30471.00 |
| 8 | EE249 & 19.2.21 | 45999.00 |
| 9 | EE272 &20.12.21 | 14996.00 |
| 10 | EE10 & 27.5.21 | 79265.00 |
| | | 304573 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ

സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 20/18.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ചട്ടപ്രകാരമുള്ള ടാക്സ് ഇൻവോയ്സുകൾ സ്വീകരിക്കാതെ വാങ്ങലുകൾ നടത്തി

സി എച്ച് സി, പറളി , സി എച്ച് സി, കോങ്ങാട് എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ വിവിധ പ്രൊജക്ടുകൾക്കായി ഇ കെ എൻ എം നീതി മെഡിക്കൽ സെന്റർ, നീതി ടവർ, ഹോസ്പിറ്റൽ റോഡ്, മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. 2017 ലെ Kerala Goods And Services Tax Rules ചട്ടം 46 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സുകൾക്ക് പകരം എ4 ഷീറ്റിൽ തയ്യാറാക്കിയ CASH BILL കളാണ് സ്ഥാപനത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർ കൈപ്പറ്റിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ)സി എച്ച് സി, പറളി

| ക്രമ നം. | പ്രൊ.നം& പേര് | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം/തീ. & തുക | നീതി സ്റ്റോർ CASH BILL നം& തുക |
|---|---|---|---|---|---|
| 1 | 62/22-കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ അനുബന്ധ പ്രവർത്തനങ്ങൾ | 999695.00 | 999695.00 | 8/6.8.21 & രൂ.410000.00 | *2289/21.5.21 - ₹49500.00*<br>*2289/20.5.21 - ₹49500.00*<br>2288/19.5.21 - ₹49500.00<br>2287/18.5.21 - ₹14000.00<br>*2294/20.5.21 - ₹49500.00*<br>2295/22.5.21 - ₹35500.00<br>2293/21.5.21 - ₹49500.00<br>2291/19.5.21 - ₹49500.00<br>2292/20.5.21 - ₹49500.00<br>*2294/22.5.21 - ₹14000.00* |
| 2 | -Do- | -Do- | -Do- | 33/11.3.2 & രൂ.17998.00 | 0015/1.1.22 - ₹18000.00 |
| 3 | 43/22 സെക്കണ്ടറി പാലിയേറ്റീവ്-പറളി സിഎച്ച്സി | 641573.00 | 641573.00 | 21/28.12.21& രൂ.98985.00 | 20607/24.8.21 -₹98985.00 |

ബി)സി എച്ച് സി, കോങ്ങാട്

| ക്രമ നം. | പ്രൊ. നം & പേര് | അടങ്കൽ | ചെലവ് | ബിൽ നം/തീ. & തുക | നീതി സ്റ്റോർ CASH BILL നം& തുക |
|---|---|---|---|---|---|
| 1 | പ്രൊ.നം.62/22-കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ അനുബന്ധ പ്രവർത്തനങ്ങൾ | 1750000.00 (വികസന ഫണ്ട് - ജനറൽ -രൂ.15 ലക്ഷം + മെയിന്റനൻസ് ഫണ്ട് (റോഡിതരം രൂ. 2.5 ലക്ഷം) | 17 ലക്ഷം | 7/20.7.21 & രൂ.825652.00 (₹595000.00) | 2283/20.5.21 &₹255000.00 2286/20.5.21 &₹170000.00 2285/20.5.21 &₹170000.00 |
| 2 | -Do- | | | 12/16.8.21 & രൂ.255000.00 | 22284/20.5.21 &₹255000.00 |

മേൽ വാങ്ങലുകളിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) 2017 ലെ Kerala Goods And Services Tax Rules ചട്ടം 46 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സുകൾ സ്വീകരിക്കാതെ A4 ഷീറ്റിൽ തയ്യാറാക്കിയ CASH BILL കൾക്ക് ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് ഇ കെ എൻ എം നീതി മെഡിക്കൽ സെന്ററിന് നൽകിയത് ക്രമപ്രകാരമല്ല.

ബി)സ.ഉ(കൈ)നം. 22/2018/തസ്വഭവ തീ 14.02.2018 മാർഗ്ഗരേഖ ഖണ്ഡിക 7.5.4 പ്രകാരം നീതി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. Kerala State Co-operative Consumers' Federation Ltd ന്റെ നിയന്ത്രണത്തിലാണ് സംസ്ഥാനത്ത് നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. ( Https://consumerfed.net/neethi-medical-store/ ). മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങലുകൾ നടത്തിയിരിക്കുന്നത് ഇ കെ എൻ എം നീതി മെഡിക്കൽ സെന്റർ എന്ന സ്ഥാപനത്തിൽ നിന്നുമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തിയത് അംഗീകരിക്കാവുന്നതല്ല.

സി)സ.ഉ(കൈ)നം. 22/2018/തസ്വഭവ തീ 14.02.2018 പ്രകാരമുള്ള സബ്സിഡി-ധനസഹായ അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4 പ്രകാരം അടിയന്തിര ഘട്ടങ്ങളിലെ മരുന്നുവാങ്ങലുകൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ വാങ്ങലുകളിൽ നീതി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ ശുപാർശ ഇല്ലാതെയാണ്.

ഡി)കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം ഇ കെ എൻ എം

നീതി മെഡിക്കൽ സെന്ററിന് ( GSTIN – 32AABAT5781D1ZN) തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കാതെ ബിൽ തുകകൾ പൂർണ്ണമായും നൽകിയത് ക്രമപ്രകാരമല്ല.

രണ്ടര ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകളിൽ നിയമാനുസൃതമായ ഇൻവോയ്സുകൾ ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾ നം.10/17.10.22 & 17/17.10.22 എന്നിവക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടപ്രകാരമുള്ള ടാക്സ് ഇൻവോയ്സുകൾ സ്വീകരിക്കാതെ വാങ്ങലുകൾ നടത്തിയതിന് മതിയായ വിശദീകരണം ലഭ്യമാക്കുന്നത് വരെയും , ഇ കെ എൻ എം നീതി മെഡിക്കൽ സെന്ററിന്, ജി.എസ്.ടി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകകൾ സർക്കാർ ഖജനാവിൽ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ലഭ്യമാക്കുന്നത് വരെയും ഈയിനത്തിൽ ചെലവഴിച്ച രൂ.1376983/- (പറളി സി എച്ച് സി രൂ.526983.00 + കോങ്ങാട് സി എച്ച് സി രൂ.850000.00) തടസ്സപ്പെടുത്തുന്നു.

## 1-18 മുൻകൂർ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

MGNREGS ഓഫീസ് പ്രവർത്തനത്തിനും സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം നൽകുന്നതിനുമായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 2021-22 ൽ മുൻകൂർ നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| MNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ അഡ്വാൻസ് | 1607280 |
| സാക്ഷരതാ പ്രേരകിന് ഓണറേറിയം | 86880 |
| ക്രമീകരിക്കുവാൻ ശേഷിക്കുന്ന തുക | 1694160 |

മുൻകൂറായി നൽകിയ 1694160 രൂപ ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/17.10.22) തുക ലഭ്യമാകുന്ന മുറക്ക് തിരിച്ചടക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 നിലാവ്- വിവിധ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ചുമതലയിൽ ഉൾപ്പെടാത്തവ ഏറ്റെടുത്തു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നിലാവ്-കോങ്ങാട്, കേരളശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ വിവിധ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്നത് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 173/22- നിലാവ്-കോങ്ങാട്, കേരളശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ വിവിധ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 1384000 (പ്ലാൻ SCP) |
| ചെലവ് | 1384000(പ്ലാൻ SCP) | ബിൽ നം /തീ: | 30/28.12.21 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പ്രോജക്റ്റിൽ കേരളശ്ശേരി, കോങ്ങാട് ഗ്രാമപഞ്ചായത്തുകളുടെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL), കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാനാണ് വിഭാവനം ചെയ്തിരുന്നത്. 154464/- രൂപയുടെ മിനിമാസ്റ്റ് ലൈറ്റുകൾ 8 എണ്ണം വാങ്ങാനാണ് തീരുമാനിച്ചിരുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

ഇൻവോയ്സ് നമ്പർ-443/ Dt 10-12-21

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| Composite Supply Of Mini Mast Light (Supply And Installation Of 8 Mtr Octagonal Pole Mini Mast With 4 Nos Of 200W LED Flood Lighting System ) | 8 | 154464.29 | 1235714.32 |
| CGST | | | 74142.86 |
| SGST | | | 74142.86 |
| TOTAL | | | 1384000.00 |

4-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധപ്രകാരം (ക്രമ നം. 33) KEL എന്ന സ്ഥാപനത്തിന് ' Electro Mechanical Works & General Civil Construction Works As PMC' ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

A.സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

B.സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KEL എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KEL ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1)1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 3-ാം പട്ടിക ക്രമനമ്പർ 15 പ്രകാരം തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്ന ചുമതല ഗ്രാമപഞ്ചായത്തിന്റേതാണ്.

2)പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് എന്നിവ ലഭ്യമല്ല.

3) പ്രസ്തുത വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിന്റെ രേഖകൾ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/11.10.22) ബ്ലോക്ക്

പഞ്ചായത്തിന്റെ മേഖലയിൽപ്പെടാത്ത പ്രവൃത്തി നടപ്പിലാക്കിയതിന് സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണം ലഭ്യമാക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ ഉൾപ്പെടാത്തവ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2. KEL ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്ത് അറിയിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

4. അർഹതയില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്.

5. ജി.ഒ(പി)നം.7/2019/എസ്.പി.ഡി 26-4-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ.19.3 ൽ ഭേദഗതി വരുത്തുകയും 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള, GeM ലഭ്യമായ സാധനങ്ങളുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E-Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 സ്കൂളുകളിലേക്ക് ഷീ-പാഡ് വിതരണം -തുക - തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് (യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ) ഷീ പാഡ് നൽകി വിദ്യാർത്ഥിനികളുടെ ശുചിത്വവും ആരോഗ്യവും ഉറപ്പ വരുത്തുക എന്നതാണ് പദ്ധതിലക്ഷ്യം. കേരള സംസ്ഥാന വനിതാവികസനകോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 136 | 1298272(പദ്ധതി വിഹിതം-ജനറൽ) | 850606 | 43/23.3.22 | 197713 |
| | | | 57/31.3.22 | 652893 |

A) ബിൽ നമ്പർ -43/23.3.22 പ്രകാരം കേരള സംസ്ഥാന വനിതാവികസനകോർപ്പറേഷന് നൽകിയത് (KSWDC/P5/She-pad/2020-21 Dt 7.3.22)

| ക്രമ നം. | സ്കൂളിന്റെ പേര് | വിതരണം ചെയ്ത ഷീ-പാഡുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | VMUP School, കല്ലേക്കാട് | 312 | 5213.52 |
| 2 | SNUP School, കൊടുന്തിരപ്പുള്ളി | 1800 | 30078.00 |
| 3 | GUP School, കോങ്ങാട് | 4344 | 72588.24 |
